'ഇ എം എസിന്റെ ലോകം' ദേശീയ സെമിനാർ സംഘാടക സമിതി രൂപീകരണം ഇന്ന്

മലപ്പുറം

ഇ എം എസ് സ്മാരക പഠന കേന്ദ്രം സംഘടിപ്പിക്കുന്ന 24ാമത് 'ഇ എം എസിന്റെ ലോകം' ദേശീയ സെമിനാറിന്റെ സംഘാടക സമിതി രൂപീകരണം തിങ്കളാഴ്ച. വൈകിട്ട് 4.30ന് മലപ്പുറം മഞ്ചേരി റോഡിലെ വ്യാപാരഭവനിലാണ് യോഗം.

ജൂൺ 13, 14 തീയതികളിൽ മലപ്പുറത്താണ് സെമിനാർ. ഇ എം എസിന്റെ 114ാം ജന്മദിനമാണ് ജൂൺ 13ന്.

ഇ എം എസിന്റെ ചിന്തകളും പ്രയോഗവും പങ്കുവയ്ക്കുന്ന സെമിനാർ സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി ഉദ്ഘാടനംചെയ്യും. രാഷ്ട്രീയ നേതാക്കൾ, സാഹിത്യ– സാംസ്കാരിക രംഗത്തെ പ്രമുഖർ, അക്കാദമിക വിദഗ്ധർ എന്നിവർ പങ്കെടുക്കും.

ഒരേസമയം രണ്ട് വേദികളിലായാണ് വിവിധ വിഷയങ്ങളിൽ സെമിനാർ. സംഘാടക സമിതി രൂപീകരണയോഗം വിജയിപ്പിക്കണമെന്ന് ഇ എം എസ് സ്മാരക ട്രസ്റ്റ് സെക്രട്ടറി ഇ എൻ മോഹൻദാസ് അഭ്യർഥിച്ചു.

കെ സ്റ്റോർ സംസ്ഥാനതല ഉദ്ഘാടനം തൃശൂർ തേക്കിൻകാട് മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

സൈബർ ആക്രമണങ്ങൾ തടയാൻ കടുത്ത ജാഗ്രത വേണം: മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

ഇരിങ്ങാലക്കുട

സൈബർ ആക്രമണങ്ങൾ വ്യാപകമാകുന്ന കാലത്ത് പൊലീസ് സൈബർ വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ജാഗ്രതയോടെ നടത്തേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ പൊലീസ് കർശന നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. തൃശൂർ റൂറൽ ജില്ലാ പൊലീസ് ആസ്ഥാന മന്ദിരം ഇരിങ്ങാലക്കുടയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ജനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ പൊലീസിന് കഴിഞ്ഞിട്ടുണ്ട്. കുറ്റാന്വേഷണവും ക്രമസമാധാന പാലനവും മികച്ച രീതിയിൽ നടക്കുന്നു. സമരഥവും ശാസ്ത്രീയവുമായ ഇടപെടലുകളിലൂടെ ജനങ്ങൾക്കിടയിൽ പൊലീസിന് സ്വീകാര്യത ലഭിച്ചിട്ടുണ്ട്. അതേസമയം, സൈബർരംഗത്ത് നടക്കുന്ന തട്ടിപ്പുകളെ അമർച്ചചെയ്യുന്ന കാര്യത്തിൽ പൂർണ ഫലപ്രാപ്തിയിലെത്താനായിട്ടില്ല. സൈബർ ആക്രമണങ്ങളോട് അയഞ്ഞ സമീപനം സ്വീകരിച്ചാൽ, അത് മറ്റുള്ളവർക്ക് പ്രോത്സാഹനമാകും.

അപകടകരമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടിവരുന്ന പൊലീസ് സേനനാംഗങ്ങൾക്ക് സുരക്ഷ ഉറപ്പുവരുത്തണം. ആകസ്മികമായ ചില സംഭവങ്ങൾ ഉണ്ടാകുമ്പോൾ, അതുനേരിടാൻ സേന സജ്ജമാകണം. ജനങ്ങളുടെ സംരക്ഷകരും സുഹൃത്തുമായി മാറുമ്പോൾതന്നെ നിയമപരിപാലനത്തിൽ ഒരു വിട്ടുവീഴ്ചയും പാടില്ല.

പൊലീസ് സേനാംഗങ്ങൾക്ക് നിഷ്പക്ഷവും സ്വതന്ത്രവുമായി പ്രവർത്തിക്കാൻ ഒരു തടസ്സവുമില്ല. എന്നാൽ, പൊലീസിൽ പൊതുധാരയിൽനിന്ന് വ്യത്യസ്തമായി പ്രവർത്തിക്കുന്നവരുണ്ട്. അവരിൽ ചിലർക്ക് സർവീസിൽ നിന്ന് പുറത്തുപോകേണ്ടിവന്നിട്ടുമുണ്ട്.

തെറ്റായ പാതയിലൂടെ മുന്നോട്ടുപോകുന്നവർക്കെതിരെ കർശന നിലപാട് സ്വീകരിച്ച്, പൊലീസിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. മന്ത്രി ആർ ബിന്ദു അധ്യക്ഷയായി. മന്ത്രി കെ രാജൻ, ഡിജിപി അനിൽകാന്ത്, റൂറൽ ജില്ലാ പൊലീസ് മേധാവി ഐശ്വര്യ ഡോങ്ഗ്രേ എന്നിവർ സംസാരിച്ചു.

കുടുംബശ്രീക്ക് ആഘോഷത്തിന്റെ 3 ദിനം

- കുടുംബശ്രീ സ്ഥാപകദിനം ബുധനാഴ്ച
- ഉദ്ഘാടനം മുഖ്യമന്ത്രി

സ്വന്തം ലേഖിക

തിരുവനന്തപുരം

കുടുംബശ്രീക്ക് ബുധൻവരെ ആഘോഷത്തിന്റെ ദിനങ്ങൾ. മൂന്നുദിവസത്തെ കുടുംബശ്രീ സ്ഥാപകദിനാഘോഷത്തിനും രജതജൂബിലിയാഘോഷ സമാപനത്തിനും തിങ്കളാഴ്ച തുടക്കമാകും. ആഘോഷങ്ങൾക്കായി പുത്തരിക്കണ്ടം മൈതാനിയിൽ കൂറ്റൻ പന്തൽ ഉയർന്നു. പതിനായിരത്തോളം പേരെ ഉൾക്കൊള്ളുന്നതാണ് പന്തൽ.

തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ വിവിധ വിഷയങ്ങളിൽ പാനൽ ചർച്ച സംഘടിപ്പിക്കും. പ്രമുഖ വനിതകൾക്കൊപ്പം കുടുംബശ്രീ അംഗങ്ങളും ഭാഗമാകും.

മഗ്സസെ പുരസ്കാര ജേതാവ് അരുണാ റോയി, പദ്മശ്രീ പുരസ്കാര ജേതാക്കളായ കെ വി റാബിയ, ലക്ഷ്മിക്കുട്ടിയമ്മ, മുൻ എംപിമാരായ സുഭാഷിണി അലി, സി എസ് സുജാത, മേയർ ആര്യ രാജേന്ദ്രൻ, സേവ ബസാർ ഡയറക്ടർ സ്മിതാ ബെൻ ഭട്ട്നഗർ, സംസ്ഥാന വനിതാ കമീഷൻ അധ്യക്ഷ പി സതീദേവി, സി എസ് ചന്ദ്രിക, ഖദീജ മുംതാസ് എന്നിവർക്കൊപ്പം ട്രാൻസ്മെൻ ആദം ഹാരി തുടങ്ങിയവർ ചർച്ചയിൽ പങ്കെടുക്കും.

കുടുംബശ്രീ ദിനം ബുധനാഴ്ച

17 കുടുംബശ്രീ സ്ഥാപകദിനമായി കഴിഞ്ഞ ജനുവരിയിലാണ് സംസ്ഥാന സർക്കാർ ഉത്തരവിറക്കിയത്. കുടുംബശ്രീ 25 വർഷം പൂർത്തിയാക്കിയ സാഹചര്യത്തിലാണ് ഇത്തവണ ആദ്യമായി സ്ഥാപകദിനം ആഘോഷിക്കുന്നത്. പകൽ 3.30ന് മുഖ്യമന്ത്രി പിണറായി വിജയൻ രജതജൂബിലി സമാപനോദ്ഘാടനവും കുടുംബശ്രീ ദിന പ്രഖ്യാപനവും റേഡിയോശ്രീ ഉദ്ഘാടനവും നിർവഹിക്കും. കുടുംബശ്രീയുടെ പുതുക്കിയ ലോഗോ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രകാശിപ്പിക്കും. മന്ത്രിമാരായ എം ബി രാജേഷ്, വി ശിവൻകുട്ടി, ജി ആർ അനിൽ, ആന്റണി രാജു, ശശി തരൂർ എംപി എന്നിവരും പങ്കെടുക്കും.

- പെട്രോൾ, ഡീസൽ വിലവർധന

അധിക എക്സൈസ് തീരുവ കേന്ദ്രം പിൻവലിക്കണം

ന്യൂഡൽഹി

കേന്ദ്രസർക്കാർ 2020ൽ പെട്രോളിനും ഡീസലിനും ഏർപ്പെടുത്തിയ അധിക എക്സൈസ് തീരുവ പിൻവലിക്കണമെന്ന് റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഓർഗനൈസേഷൻസിന്റെ അഖിലേന്ത്യ കോ–ഓർഡിനേഷൻ കമ്മിറ്റി സമ്മേളനം ആവശ്യപ്പെട്ടു.

ഡൽഹി ബി ടി ആർ ഭവനിൽ സിഐടിയു സെക്രട്ടറി ആർ കരുമലയ്യൻ, എഐടിയുസി വൈസ് പ്രസിഡന്റ് ഗിരി എന്നിവർ മുഖ്യാതിഥികളായി. കേന്ദ്ര ട്രേഡ് യൂണിയനുകൾ ക്വിറ്റ് ഇന്ത്യ ദിനത്തിൽ ആഹ്വാനം ചെയ്ത അഖിലേന്ത്യ പ്രക്ഷോഭത്തിൽ പങ്കെടുക്കാനും കൺവൻഷൻ തീരുമാനിച്ചു.

ജൂൺ, ജൂലൈ മാസങ്ങളിൽ സംസ്ഥാന കൺവൻഷൻ നടത്തും. സെപ്തംബർ രണ്ടാംവാരം സംസ്ഥാനങ്ങളിൽ കേന്ദ്രനയങ്ങൾക്കെതിരെ റാലികൾ പ്രഖ്യാപിച്ചു.

ഡൽഹിയിൽ റോഡ് ട്രാൻസ്പോർട്ട് വർക്കേഴ്സ് ഓർഗനൈസേഷന്റെ അഖിലേന്ത്യ കോ-ഓർഡിനേഷൻ കമ്മിറ്റി സമ്മേളനത്തിൽ കൺവീനർ കെ കെ ദിവാകരൻ സംസാരിക്കുന്നു

സ്വകാര്യ ധനസ്ഥാപനങ്ങളുടെ അതിക്രമം തടയുക, അസംഘടിത ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് സാമൂഹ്യസുരക്ഷ, ഊബർ, ഓല തുടങ്ങിയ ഓൺലൈൻ ടാക്സി സേവനങ്ങളിൽ ജോലിയെടുക്കുന്നവരെ തൊഴിലാളികളായി അംഗീകരിക്കുക തുടങ്ങി 30 ആവശ്യം കൺവൻഷൻ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

എഐആർടിഡബ്ല്യുഎഫ് കൺവീനർ കെ കെ ദിവാകരൻ, എൻഎഫ്ഐആർടിഡബ്ല്യു നേതാവ് ധരംവീർ ചൗധരി, എഐസിസിടിയു നേതാവ് ജയരാജൻ, ടിടിഎസ്എഫ് നേതാവ് നാഗരാജൻ എന്നിവരടങ്ങിയതായിരുന്നു പ്രസീഡിയം. എഐആർടിഡബ്ല്യുഎഫ് ജനറൽ സെക്രട്ടറി ആർ ലക്ഷ്മയ്യ, എൻഎഫ്ഐആർടിഡബ്ല്യു നിർമൽ സിങ്, എഐസിസിടിയു ജനറൽ സെക്രട്ടറി എസ് കെ റോയ്, ടിടിഎസ്എഫ് ജനറൽ സെക്രട്ടറി സമ്പത്ത് എന്നിവർ സംസാരിച്ചു.



RNI Reg. No. 44790/90. Vol. XXXV No.128 Reg.No. KL/TV(N)/33/2018-20. Printed and Published by K J THOMAS On behalf of CPI(M) Kerala State Committee and Printed at P Krishna Pillai Memorial Printing and Publishing Co. (P) Ltd. Thampanoor, Thiruvananthapuram-695 001
Editor: Puthalath Dinesan (Responsible for selection of news under the PRB Act) Chief Editor: Puthalath Dinesan. Phone: 0471 2701800. Email: dbitvm@gmail.com, website: www.deshabhimani.com